"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പ് - പൗരാവകാശ രേഖ - ഭേദഗതികൾ വരുത്തി പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.187/2026/AYUSH തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-
1. 21.12.2999 ലെ ജി.ഒ.(എം.എസ്) നം.30/99/P&ARD.
2. 09.03.2013-ലെ സ.ഉ(സാധാ)നം. 929/2013/ആകുവ.
3. 20.11.2022 ലെ എ.ആർ.12-1/100/2022/ഉ.ഭ.പ.വ നം. സർക്കാർ സർക്കുലർ.
4. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 21.10.2024, 28.11.2025 തീയതികളിലെ DISM/413/2023-G1 നം.കത്തുകൾ.

**<u>ഉത്തരവ്</u>**

ഭാരതീയ ചികിത്സാ വകുപ്പിന്റെ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. പരാമർശം (3) സർക്കുലറിലെ നിർദ്ദേശാനുസരണം ഭാരതീയ ചികിത്സാ വകുപ്പിന്റെ പൗരാവകാശ രേഖയിൽ കാലോചിതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ പൗരാവകാശരേഖ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ളതും ആയത് പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ പരാമർശം (4) പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ള ഭേദഗതികൾ വരുത്തി ഭാരതീയ ചികിത്സാ വകുപ്പിന്റെ പുതുക്കിയ പൗരാവകാശ രേഖ പ്രസിദ്ധികരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
2. .പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
3. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
(AR12-1/68/2024/P&ARD തീയതി 19.11.2024)
4. വിവര പൊതുജനസമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).

6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/300/2024-AYUSH)

ഉത്തരവിൻ പ്രകാരം

**Signed by Baiju G**
**Date: 15-03-2026 16:44:54**
സെക്ഷൻ ഓഫീസർ

പകർപ്പ് -

1. ബഹു.ആരോഗ്യവും വനിത ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
3. ആയുഷ് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.

## അനുബന്ധം

## ഭാരതീയ ചികിത്സാ വകുപ്പ്

## പൗരാവകാശ രേഖയിലെ ഭേദഗതി

| ക്രമ നം | നിലവിലുള്ളത് | ഭേദഗതി നിർദ്ദേശം |
|---|---|---|
| 1 | ആമുഖം | |
| | 17-ാം നൂറ്റാണ്ടുവരെ ആരോഗ്യ രംഗത്തും ചികിത്സാരംഗത്തും പൂർണ്ണമേധാവിത്വം സ്ഥാപിച്ചിരുന്ന ആയുർവേദ ശാസ്ത്രം ബ്രിട്ടീഷ് അധിനിവേശത്തോടെ അലോപ്പതി ചികിത്സയുടെ കടന്നുകയറ്റത്താൽ അടിച്ചമർത്തപ്പെട്ടു. ഭാരതീയ ചികിത്സാ വകുപ്പ് വർഷങ്ങൾക്ക് മുൻപ് വളരെ പരിമിതമായ അവസ്ഥയിൽ ആരംഭിച്ചത് ഇന്ന് കേരളം മുഴുവൻ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ഒരു പോലെയും ഉൾനാടൻ ഗ്രാമങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ ജനതയുടെ ആരോഗ്യപരിപാലന കേന്ദ്രങ്ങളുമായി ഒരു പോലെ വളർന്ന് വളരെ പ്രശംസനീയമായ രീതിയിൽ പ്രവർത്തിച്ചു വരുന്നു. 120 ആശുപത്രികളുടെയും 768 ഡിസ്പെൻ സറികളുടെയും 197 എൻ.ആർ.എച്ച്.എം താൽക്കാലിക ഡിസ്പെൻസറികളുടെയും നിയന്ത്രണ അധികാര കേന്ദ്രമായി തിരുവനന്തപുരം ആരോഗ്യഭവൻ ആസ്ഥാനമായ ഭാരതീയ ചികിത്സാ വകുപ്പ് കാര്യാലയം പ്രവർത്തിക്കുന്നു. ഡയറക്ടർ മേലധികാരിയായിട്ടുള്ള ടി കാര്യാലയത്തിൻ കീഴിൽ ഓരോ ജില്ലയുടേയും ഭരണ നിർവ്വഹണം ഏകോപിപ്പിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ നേതൃത്വം നൽകുന്ന ജില്ലാ മെഡിക്കൽ ഓഫീസുകൾ പ്രവർത്തിക്കുന്നു.<br><br>കേരളത്തിന്റെ തനത് ചികിത്സാ സമ്പ്രദായമായ ആയുർവേദ ചികിത്സയെ കുറിച്ചും വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചും ഭരണ നവീകരണത്തിന്റെ ഭാഗമായി ഭാരതീയ ചികിത്സാ വകുപ്പ് | 17-ാം നൂറ്റാണ്ടുവരെ ആരോഗ്യ രംഗത്തും ചികിത്സാരംഗത്തും പൂർണ്ണമേധാവിത്വം സ്ഥാപിച്ചിരുന്ന ആയുർവേദ ശാസ്ത്രം ബ്രിട്ടീഷ് അധിനിവേശത്തോടെ അലോപ്പതി ചികിത്സയുടെ കടന്നുകയറ്റത്താൽ അടിച്ചമർത്തപ്പെട്ടു. ഭാരതീയ ചികിത്സാ വകുപ്പ് വർഷങ്ങൾക്ക് മുൻപ് വളരെ പരിമിതമായ അവസ്ഥയിൽ ആരംഭിച്ചത് ഇന്ന് കേരളം മുഴുവൻ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ഒരു പോലെയും ഉൾനാടൻ ഗ്രാമങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ ജനതയുടെ ആരോഗ്യപരിപാലന കേന്ദ്രങ്ങളുമായി ഒരു പോലെ വളർന്ന് വളരെ പ്രശംസനീയമായ രീതിയിൽ പ്രവർത്തിച്ചു വരുന്നു. **131 ആശുപത്രികളുടെയും, 817 ഡിസ്പെൻസറികളുടെയും, 257 നാഷണൽ ഹെൽത്ത് മിഷൻ (NHM) താൽക്കാലിക ഡിസ്പെൻസറികളുടെയും നിയന്ത്രണ അധികാര കേന്ദ്രമായി തിരുവനന്തപുരം ആരോഗ്യഭവൻ ആസ്ഥാനമായ ഭാരതീയ ചികിത്സാ വകുപ്പ് കാര്യാലയം പ്രവർത്തിക്കുന്നു.** ഡയറക്ടർ മേലധികാരിയായിട്ടുള്ള ടി കാര്യാലയത്തിൻ കീഴിൽ ഓരോ ജില്ലയുടേയും ഭരണ നിർവ്വഹണം ഏകോപിപ്പിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ നേതൃത്വം നൽകുന്ന ജില്ലാ മെഡിക്കൽ ഓഫീസുകൾ പ്രവർത്തിക്കുന്നു.<br><br>കേരളത്തിന്റെ തനത് ചികിത്സാ സമ്പ്രദായമായ ആയുർവേദ ചികിത്സയെ കുറിച്ചും വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചും ഭരണ നവീകരണത്തിന്റെ ഭാഗമായി ഭാരതീയ ചികിത്സാ വകുപ്പ് |

| | | |
|---|---|---|
| | പുറത്തിറക്കുന്ന പൗരാവകാശരേഖയാണ് ഇത്. ഈ വകുപ്പിൽ നിന്നും എന്തെല്ലാം സേവനങ്ങൾ ലഭ്യമാണെന്ന് ഈ രേഖയിൽ ഉൾക്കൊള്ളുന്നു. ചികിത്സയ്ക്കും സേവനത്തിനുമായി വകുപ്പിനെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ ഈ രേഖയിൽ നിന്നും അറിയാൻ സാധിക്കും.<br><br>പ്രതീക്ഷയോടെ ഭാരതീയ ചികിത്സാ വകുപ്പിന്റെ ഈ പൗരാവകാശരേഖ കേരളീയ സമൂഹത്തിനായി സമർപ്പിക്കുന്നു. | പുറത്തിറക്കുന്ന പൗരാവകാശരേഖയാണ് ഇത്. ഈ വകുപ്പിൽ നിന്നും എന്തെല്ലാം സേവനങ്ങൾ ലഭ്യമാണെന്ന് ഈ രേഖയിൽ ഉൾക്കൊള്ളുന്നു. ചികിത്സയ്ക്കും സേവനത്തിനുമായി വകുപ്പിനെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ ഈ രേഖയിൽ നിന്നും അറിയാൻ സാധിക്കും.<br><br>പ്രതീക്ഷയോടെ ഭാരതീയ ചികിത്സാ വകുപ്പിന്റെ ഈ പൗരാവകാശരേഖ കേരളീയ സമൂഹത്തിനായി സമർപ്പിക്കുന്നു. |
| 2 | **വകുപ്പിന്റെ ഘടന** | |
| | ഡയറക്ടറേറ്റ് - 14 ജില്ലാ ആഫീസുകൾ -<br><br>120 ആശുപത്രികൾ, 768 ഡിസ്പെൻസറികൾ, 1 9 7 എൻ.ആർ.എച്ച്.എം.താൽക്കാലിക ഡിസ്പൻസറികൾ. | ഡയറക്ടറേറ്റ് - 14 ജില്ലാ ആഫീസുകൾ -<br><br>131 ആശുപത്രികൾ, 817 ഡിസ്പെൻസറികൾ, 2 5 7 എൻ.എച്ച്.എം. താൽക്കാലിക ഡിസ്പൻസറികൾ. |
| 3 | **ആശുപത്രികൾ** | |
| | സ്ഥാപന മേധാവി : സൂപ്രണ്ട് / ചീഫ് മെഡിക്കൽ ഓഫീസർ / സീനിയർ മെഡിക്കൽ ഓഫീസർ / മെഡിക്കൽ ഓഫീസർ.<br><br>പ്രവൃത്തി സമയം : 24 മണിക്കൂർ<br><br>ഒ.പി.സമയം : രാവിലെ 9 A.M to 1 P.M<br><br>2 P.M to 3 P.M | സ്ഥാപന മേധാവി : സൂപ്രണ്ട് / ചീഫ് മെഡിക്കൽ ഓഫീസർ / സീനിയർ മെഡിക്കൽ ഓഫീസർ / മെഡിക്കൽ ഓഫീസർ.<br><br><u>പ്രവൃത്തി സമയം</u><br><br>ഐ.പി. സമയം : 24 മണിക്കൂർ<br><br>ഒ.പി.സമയം : രാവിലെ 9 A.M to 2 P.M.<br><br>കാഷ്വാലിറ്റി/കാൾ ഡ്യൂട്ടി സമയം : ഉച്ചക്ക് 2 മണി മുതൽ രാത്രി 8 മണി വരെ. |
| 4 | **ഡിസ്പെൻസറികൾ** | |
| | പ്രവൃത്തി സമയം : 9 A.M to 1 P.M<br><br>2 P.M to 3 P.M | പ്രവൃത്തി സമയം : 9 A.M to 2 P.M |